# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-3/739/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/09/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-3/739/2021 തീയ്യതി: 23/09/2021

## ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 10-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ് | ഡപ്യൂട്ടി ഡയറക്ടർ | 12-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജിതാ ദാസ്,ഓഡിറ്റ് ഓഫീസർ
ദീപാ കെ ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുഷ റ്റി പിള്ള, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഷിബു.എ.പി,സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | | (മുതൽ) | (വരെ) |
| ജിമ്മി.വി.കൈപ്പള്ളി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| സിന്ധു ബാലകൃഷ്ണൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുനിൽകുമാർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ബിന്ദു.ടി.എസ് | ഐ.സി,ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ലാവണ്യ രോഹിത് | മെഡിയ്ക്കൽ ഓഫീസർ . (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.ശ്രീനി.ആർ | മെഡിയ്ക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ.എൻ.സുനിൽകുമാർ | മെഡിയ്ക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 08-10-2019 |
| ഡോ.ഗാന്ധിമതി | മെഡിയ്ക്കൽ ഓഫീസർ(ഹോമിയോ) | 09-10-2019 | 31-03-2020 |
| നസീന.എ | ഹെഡ്മിസ്ട്രസ്സ് . (ഗവ.യു.പി.എ,സി) | 01-04-2019 | 31-03-2020 |
| എസ്.രാജേന്ദ്രൻ | അസി.എഞ്ചിനീയർ | 01-04-2019 | 19-07-2019 |
| ബേബി.ബി | അസി.എഞ്ചിനീയർ | 20-07-2019 | 31-03-2020 |
| അജിത്ത്.പി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| കൃഷ്ണകുമാർ | ഡയറി ഫാം ഇൻസ്ട്രെക്ടർ | 01-04-2019 | 23-02-2020 |
| ഗീത.എ.എസ് | ഡയറി ഫാം ഇൻസ്ട്രെക്ടർ | 24-02-2020 | 31-03-2020 |
| ഉഷാകുമാരി.ഒ | അസി.സെക്രട്ടറി | 01-04-2019 | 02-12-2019 |
| ജയശ്രീ.ജെ.ബി | അസി.സെക്രട്ടറി | 02-12-2019 | 31-03-2020 |
| | | 03-12-2019 | 31-03-2020 |
| ഡോ.എസ്. വിനയകുമാർ | വെറ്ററിനറി സർജൻ | 01-04-2019 | 23-11-2019 |

| | | | |
|---|---|---|---|
| ഡോ.ഐസക് സാം | വെറ്ററിനറി സർജൻ | 24-11-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sajitha Das (Audit Officer (HG), On 23-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 23-07-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Susha.T.Pillai (Asst. Audit Officer, On 27-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Susha.T.Pillai (Asst. Audit Officer, On 24-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Susha.T.Pillai (Asst. Audit Officer, On 21-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Susha.T.Pillai (Asst. Audit Officer, On 24-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 1-5 |
| 6 | ക്ഷേമപദ്ധതികൾ<br>Written By: Susha.T.Pillai (Asst. Audit Officer, On 24-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Deepa.K.Gopal (Asst. Audit Officer, On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: A.P.Shibu (Senior Grade Auditor, On 27-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Sajitha Das (Audit Officer (HG), On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Susha.T.Pillai (Asst. Audit Officer, On 24-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 1-10 |
| 11 | വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം-അവലോകനം<br>Written By: Sajitha Das (Audit Officer (HG), On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 1-11 |
| 12 | ലൈസൻസ് -അപാകതകൾ സംബന്ധിച്ച്<br>Written By: A.P.Shibu (Senior Grade Auditor, On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 1-12 |
| 13 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 1-13 |
| 14 | പി.എച്ച്.സി കെട്ടിട നിർമ്മാണവും ഫീഡിംഗ് റൂം നിർമ്മാണവും(So142/19)-ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക ഒടുക്കി<br>Written By: Sajitha Das (Audit Officer (HG), On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 1-14 |
| 15 | അമ്മൻചേരിൽ റോഡ് ഇടയിലെ വീട് പടന്നയിൽ റോഡ് ടാറിംഗ്(So114/20)-അധികമായി ചെലവഴിച്ച തുക ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി-ഓഡിറ്റ് ഇംപാക്റ്റ്<br>Written By: Sajitha Das (Audit Officer (HG), On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 1-15 |

| | | |
|---|---|---|
| 16 | അങ്കണവാടി നമ്പർ 31, നവീകരണം(S0036/20)-ഡിസ്മാന്റിൽ ചെയ്ത സാധനങ്ങളുടെ ലേല നടപടികൾ സ്വീകരിച്ചില്ല<br>Written By: Sajitha Das (Audit Officer (HG), On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 1-16 |
| 17 | ഹരിത കേരളം-മെറ്റീരിയൽ കളക്ഷൻ സെന്റർ നവീകരണം-പിഴ ഈടാക്കിയതിൽ കുറവ്.<br>Written By: Sajitha Das (Audit Officer (HG), On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 02-08-2021) | 1-17 |
| 18 | ശ്രവണസഹായി - ഡോക്ടർ നിർദ്ദേശിക്കാത്ത കുട്ടിയ്ക് നൽകി<br>Written By: Deepa.K.Gopal (Asst. Audit Officer, On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 1-18 |
| 19 | എസ്.എസ്.കെ- വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 1-19 |
| 20 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി.റ്റി.ഡി.എസ് കുറവ് ചെയ്തില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 1-20 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | അങ്കണവാടി നമ്പർ 31, നവീകരണം(S0036/20)-ഡിസ്മാന്റിൽ ചെയ്ത സാധനങ്ങളുടെ ലേല നടപടികൾ സ്വീകരിച്ചില്ല<br>Written By: Sajitha Das (Audit Officer (HG), On 29-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Susha.T.Pillai (Asst. Audit Officer, On 24-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Susha.T.Pillai (Asst. Audit Officer, On 24-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Susha.T.Pillai (Asst. Audit Officer, On 24-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Susha.T.Pillai (Asst. Audit Officer, On 24-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Susha.T.Pillai (Asst. Audit Officer, On 24-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Susha.T.Pillai (Asst. Audit Officer, On 24-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Susha.T.Pillai (Asst. Audit Officer, On 24-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Susha.T.Pillai (Asst. Audit Officer, On 24-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Susha.T.Pillai (Asst. Audit Officer, On 24-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Susha.T.Pillai (Asst. Audit Officer, On 24-07-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 13-09-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-2020 വർഷത്തെ ബജറ്റ് 13.02.19 ലെ 2(2) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 171309230 | 171241825 |
| വാർഷിക കണക്ക് (RP സ്റ്റേറ്റ്മെന്റ് പ്രകാരം) | 52060359 | 49510880 |
| ഇൻകം ആന്റ് എക്സ്പെൻഡീച്ചർ പത്രിക പ്രകാരം | 95409482 | 94892934 |

### 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.07.2020 | 07.05.2020 |

2019-20 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. റസീപ്റ്റ് & പേയ്മെന്റ്

(I)തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 2019-20 വർഷത്തെ ഡിമാന്റ്, കളക്ഷൻ എന്നിവ 370130/- രൂപയാണ്. എന്നാൽ റസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ RP-1 Tax Revenue എന്ന ഹെഡിൽ 368380/- രൂപയാണ് ചേർത്തിട്ടുള്ളത്.

(II)തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് 2159348/- രൂപയാണ്. എന്നാൽ RP-31 ലെ വരവ് 1021348/- രൂപയും. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

2. ഇൻകം & എക്സ്പെന്റിച്ചർ

തൊഴിലുറപ്പ് പദ്ധതിയുടെ എം.ഐ.എസ് സ്റ്റേറ്റമെന്റ് പ്രകാരമുള്ള തുകയും ഭരണചെലവുകളും I-6, I-14(A) എന്നിവയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

3.ബാലൻസ് ഷീറ്റ്

(I) B-4 ഷെഡ്യൂളിൽ 320100121 ഹെഡിൽ അംഗൻവാടി പൂരക പോഷകാഹാരം എന്ന ഇനത്തിന് കേന്ദ്ര വിഹിതമിനത്തിൽ 794762/- രൂപ അവശേഷിക്കുന്നു. എന്നാൽ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്ന വിവിധ വരവുകൾക്കായുള്ള ACR പ്രകാരം 576551/- രൂപയാണ് നീക്കിയിരിപ്പ്. 2019-20 വർഷം സപ്ലിമെന്ററി ന്യൂട്രീഷനായി ചെലവഴിച്ച 218211/- രൂപ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ഇത് 2020-21 വാർഷിക കണക്ക് തയ്യാറാക്കുന്നതിനു മുൻപാണ് അഡ്ജസ്റ്റ് ചെയ്തത്.

(II)B5 (Secured Loan ) + B6(Unsecured Loan ) = B16

വാർഷിക കണക്ക് പ്രകാരം B5, 22564920/- രൂപയും B6, പൂജ്യവുമായ സാഹചര്യത്തിൽ B16, 22564920/- രൂപ തന്നെയാണ് വരേണ്ടത്. എന്നാൽ B16 ൽ 22464920/- രൂപയാണ് ഉൾപ്പെട്ടിട്ടുള്ളത്. വ്യത്യാസം 1,00,000/-രൂപ.

(iii) തൊഴിലുറപ്പ് പദ്ധതിയുടെ നീക്കിയിരിപ്പ് B4 ഷെഡ്യൂൾ പ്രകാരം 924664/- രൂപയാണ് . എന്നാൽ RP-40(B) പ്രകാരം നീക്കിയിരിപ്പ് 932664/- രൂപയും. വ്യത്യാസം 8000/- രൂപ.

4. ഹരിപ്പാട് ജില്ലാ സഹകരണ ബാങ്കിലെ തനതു ഫണ്ടിന്റെ റീ കൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ 31.03.2020 ലും Cheue Deposited But Not Collected ആയി കാണിച്ചിട്ടുള്ള ചെക്ക് നം. 2303651/24.09.2019 -3750/-രൂപ, ചെക്ക് നം. 0903772/17.02.2018- 5600/- രൂപ എന്നിവ B9 ഷെഡ്യൂളിൽ Liability In Respect Of Stale Cheques എന്ന ഹെഡിൽ ചേർത്തിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 24 പ്രകാരം യഥാസമയം പണമാകാത്ത ചെക്കുകൾക്ക് നല്കിയ റസീപ്റ്റ് ക്യാൻസൽ ചെയ്യേണ്ടതും അക്കൗണ്ട് ബുക്കുകളിൽ ആവശ്യമായ റിവേഴ്സ് എൻട്രികൾ വരുത്തേണ്ടതുമാണ്. എന്നാൽ മേൽ ചെക്കുകളുടെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ആസ്തി സംബന്ധമായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിവയുടെ കൃത്യത വിലയിരുത്തുവാൻ സാധിച്ചില്ല.

6. വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിയ്ക്കൽ എന്ന പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം യഥാർത്ഥ ചെലവിന്റെ ഇരട്ടിയാണ് സുലേഖ ചെലവു പത്രികയിൽ ചേർത്തിട്ടുള്ളത്. ഇക്കാരണത്താൽ ചെലവു പത്രിക യഥാർത്ഥ ചെലവിനെ പ്രതിഫലിപ്പിക്കുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8865298 |
| വരവ് | 52060359 |
| ആകെ | 60925657 |
| ചെലവ് | 49510880 |
| നീക്കിയിരിപ്പ് | 11414777 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | | ആകെ | ചെലവ് | | | |
|---|---|---|---|---|---|---|---|---|
| | | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | | ജി.ഒ പ്രോജക്ട് | പ്രോജക്ട് | ലാപ്സായ തുക | ക്യൂബിൽ |
| വികസനഫണ്ട് പൊതുവിഭാഗം | - | 1652037 | 10196963 | 11849000 | 1652037 | 9725266 | 471697 | 731834 |
| വികസനഫണ്ട് എസ്.സി.പി. | - | 44118 | 2418882 | 2463000 | 44118 | 2178882 | 240000 | 106520 |
| വികസനഫണ്ട് ടി.എസ്.പി. | - | - | 58000 | 58000 | - | - | 58000 | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | - | 9057233 | 9057233 | - | 3351063 | 5706170 | 1156267 |
| സംരക്ഷണഗ്രാന്റ് റോഡ് | - | - | 8286000 | 8286000 | - | 2773706 | 5512294 | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | - | 3447000 | 3447000 | - | 2235259 | 1211741 | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | - | - | 8885257 | 8885257 | - | 88662 | 8796595 | - |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 124 | 63715068 | 80 | 38972148 | 05 | 39 | 68.5 |

## 1-6 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 163800 | 100 |
| കർഷകതൊഴിലാളി പെൻഷൻ | 1311600 | 245 |
| വിധവാപെൻഷൻ | 4300800 | 784 |
| വാർദ്ധക്യകാലപെൻഷൻ | 7554600 | 1496 |
| വികലാംഗപെൻഷൻ | 1242700 | 227 |
| അവിവാഹിതപെൻഷൻ | 495000 | 86 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 60000 | 2 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 25518 | 1021348 | 1046866 | 114202 | 932664 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | | 35188145 | 35188145 | 35188145 | |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-07-21 - 12.40 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 670/- രൂപ ക്യാഷ് ബാലൻസിന്റെ നീക്കിയിരുപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

ആസ്തി സംരക്ഷണം: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പുതിയതായി നിർമ്മാണം പൂർത്തീകരിച്ച പി.എച്ച്.സി

കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള പല ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്തിലെ 4 വാർഡുകൾ ഹരിപ്പാട് നഗരസഭയിലേക്ക് മാറ്റിയെങ്കിലും നിലവിലും ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലാണുള്ളത്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്: വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പും തൃപ്തികരമല്ല. തെരുവു വിളക്കുകളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ, ഡപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിക്കുന്ന തുകകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ തയ്യാറാക്കുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ: ഗ്രാമപഞ്ചായത്തിൽ 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പല ഗ്രൂപ്പുകളും ഒറ്റത്തവണ മാത്രമാണ് കൂടിയിട്ടുള്ളത്. പലതിലും മിനിറ്റ്സ് ക്ലോസ് ചെയ്യുന്നില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.02.2020 | 01/2020 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.01.2014 – 14.02.2014 | 08/2009-12/2003 | 28.03.2014 |

## 1-11 വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം-അവലോകനം

ഗ്രാമപഞ്ചായത്തിലെ പദ്ധതി ആസൂത്രണത്തിലും മോണിറ്ററിങ്ങിലും ഏറ്റവും പ്രധാനപ്പെട്ട ചുമതലകൾ നിർവ്വഹിക്കേണ്ട ഒന്നാണ് വർക്കിങ്ങ് ഗ്രൂപ്പുകൾ. 13-ാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി വർക്കിങ്ങ് ഗ്രൂപ്പുകളുടെ സംഘാടനം, പ്രവർത്തനം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ 29.01.2018 ലെ സ.ഉ(കൈ) 11/2018/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ദുരന്ത നിവാരണം ഉൾപ്പെടെ ഗ്രാമപഞ്ചായത്തിൽ നിലവിൽ 12 വർക്കിങ്ങ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.

വർക്കിങ്ങ് ഗ്രൂപ്പുകളുടെ മിനുട്ട്സ് പുസ്തകങ്ങളുടെ പരിശോധനയിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല എന്ന് കാണുന്നു. 2019-20 വാർഷികപദ്ധതി രൂപീകരണ ഗ്രാമസഭാ യോഗങ്ങളുടെ മുന്നോടിയായി വർക്കിങ്ങ് ഗ്രൂപ്പുകൾ രണ്ട് തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. മിനിറ്റ്സുകളിൽ പ്രോജക്ട് ലിസ്റ്റുകൾ രേഖപ്പെടുത്തുക മാത്രമാണ് ചെയ്ത് പോരുന്നത്.

വാർഷിക പദ്ധതി അംഗീകാരം ലഭിച്ച ശേഷമുള്ള പ്രോജക്ടുകളുടെ നിർവ്വഹണഘട്ടത്തിൽ, പ്രോജക്ടിന്റെ മോണിറ്ററിങ്ങ് സമിതിയായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾ പ്രവർത്തിക്കേണ്ടതും ആയതിന്റെ റിപ്പോർട്ട് പഞ്ചായത്തിന് സമർപ്പിക്കുകയും ചെയ്യുക എന്ന പ്രധാന ഉത്തരവാദിത്വവും വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളൊന്നും തന്നെ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിച്ചിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ തങ്ങളുടെ അവകാശങ്ങളും ചുമതലകളും ഉൾക്കൊണ്ട് പ്രവർത്തനം നടത്തേണ്ടതാണ്.

## 1-12 ലൈസൻസ് -അപാകതകൾ സംബന്ധിച്ച്

2019-20 സാമ്പത്തിക വർഷത്തെ പഞ്ചായത്ത് ലൈസൻസ് ഫീസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതു പ്രകാരം താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയല്ല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. സഞ്ചയ പ്രകാരം അപ്രൂവ് ചെയ്ത 556 സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിലവിലുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്ററും, അപേക്ഷകളും പരിശോധിച്ചത് പ്രകാരം 106 സ്ഥാപനങ്ങൾ മാത്രമേ ലിസ്റ്റ് ചെയ്തിട്ടുള്ളൂ. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 5/19-20) നൽകിയ മറുപടിയിൽ സഞ്ചയ പ്രകാരം അപ്രൂവ് ചെയ്ത വാണിജ്യസ്ഥാപനങ്ങളിൽ ഏറിയ പങ്കും പ്രവർത്തനരഹിതമാണെന്നും, ഫീൽഡ് സ്റ്റാഫ് നേരിട്ട് അന്വേഷണം നടത്തി തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളതെന്നുമാണ് അറിയിച്ചിരിക്കുന്നത്. സഞ്ചയയിലെ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

2) 1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1 പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, റേഷൻ ഡിപ്പോകൾ (പട്ടിക ക്രമ നം-149) അബ്കാരി ഷോപ്പുകൾ (കള്ളുഷാപ്പ്) (ക്രമ നം-139), പാൽ സൊസൈറ്റികൾ (ക്രമ നം-132) എന്നിങ്ങനെയുള്ള വ്യാപാരങ്ങൾ ലൈസൻസ് എടുക്കുകയോ പുതുക്കുകയോ ചെയ്യുന്നില്ല. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ ടി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ലൈസൻസ് എടുപ്പിയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-13 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് 2019-2020 വർഷങ്ങളിൽ ഇ-ടെന്റർ മുഖേന നടപ്പാക്കിയ 14 മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ 38305/- രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് ഒടുക്കു വരുത്തിയതായും പ്രസ്തുത അക്കൌണ്ടിൽ ഓൺലൈനായി ഒടുക്കിയ തുക ഇതേ വരെയും തിരികെ ലഭിച്ചിട്ടില്ല എന്നുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തത്. 2015-16 വർഷം മുതൽ 2019-2020 വർഷം വരെ ആകെ എത്ര തുകകളാണ് ഇപ്രകാരം ഒടുക്കിയതെന്ന് കണ്ടെത്തേണ്ടതും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 പി.എച്ച്.സി കെട്ടിട നിർമ്മാണവും ഫീഡിംഗ് റൂം നിർമ്മാണവും(S0142/19)-ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക ഒടുക്കി

പി.എച്ച്.സി കെട്ടിട നിർമ്മാണവും ഫീഡിംഗ് റൂം നിർമ്മാണവും എന്ന പദ്ധതിയിൽ 4.47% കുറവായുള്ള ടെണ്ടറായിരുന്നു അംഗീകരിച്ചത്. എക്സ്ട്രാ ഇനമായി RCC 1:1 1/2:3 Using 20mm Broken Stone, 2.477m3@10650/M3=26384.31 ഉൾപ്പെടുത്തിയിരുന്നു. എക്സ്ട്രാ ഇനത്തിൽ നിന്നും 4.47% കുറവ് വരുത്തി അനുവദിക്കേണ്ടിയിരുന്നത് 2.477m3 @10173.945=25200.86 രൂപയായിരുന്നു എന്നിരിക്കെ അനുവദിച്ചത് 26384.31 രൂപയായിരുന്നു. ഓഡിറ്റ് അന്വേഷണത്തെ (3/19-20) തുടർന്ന് എക്സ്ട്രാ ഇനത്തിന് അധികമായി അനുവദിച്ച 936 രൂപ, രസീത് നമ്പർ 9881706/27.07.2021 പ്രകാരം ഗ്രാമപഞ്ചായത്തിൽ ഒടുക്കി. ടി തുക സ്റ്റേറ്റ് കൺസോൾഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

## 1-15 അമ്മൻചേരിൽ റോഡ് ഇടയിലെ വീട് പടന്നയിൽ റോഡ് ടാറിംഗ്(S0114/20)- അധികമായി ചെലവഴിച്ച തുക ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി- ഓഡിറ്റ് ഇംപാക്റ്റ്

വാർഡ് 13 ലെ നാല് റോഡുകളുടെ ടാറിംഗ് പ്രവർത്തികൾക്കാണ് (അപ്പന്റിക്സ്.A, B, C, D) തുക വകയിരുത്തിയിരുന്നത്.

| | |
|---|---|
| എസ്റ്റിമേറ്റ് | 787222 |
| കരാർ നം. | 28/AE/18-19/07.11.2018 |
| എഗ്രീഡ്. പി.എ.സി | 764715.65 |
| കരാറുകാരന്റെ പേര് | പ്രമോദ്.കെ |
| എം. ബുക്ക് നം. | 30/18-19 |
| ചെലവഴിച്ച തുക | 742077,ബിൽ നം.15/14.10.19 |

അമ്മൻചേരിൽ റോഡ് ഇടയിലെ വീട് പടന്നയിൽ റോഡ് ടാറിംഗ് എന്ന പ്രവൃത്തിയുടെ എം ബുക്കിൽ അപ്പന്റിക്സ്. D, ഇനം.2 പ്രകാരം, Providing,Laying And Spreading Graded Stone Agregate To Wmm Specification,

20.445@3150=64401.75 എന്നതിന് പകരം 65424 എന്ന് രേഖപ്പെടുത്തി തുക പിൻവലിച്ചിരിക്കുന്നു. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തെ (3/19-20) തുടർന്ന് തുക ഒടുക്കി (രസീത് നം.A.9881740/02.08.21). ടി തുക സ്റ്റേറ്റ് കൺസോൾഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

1-16 അങ്കണവാടി നമ്പർ 31, നവീകരണം(S0036/20)- ഡിസ്മാന്റിൽ ചെയ്ത സാധനങ്ങളുടെ ലേല നടപടികൾ സ്വീകരിച്ചില്ല

അങ്കണവാടി നവീകരണം എന്ന പദ്ധതിയ്ക്കായി ബിൽ നം.16/18.01.20 പ്രകാരം 260575 രൂപ (റോഡിതര മെയിന്റനൻസ് ഗ്രാന്റ്) ചെലവഴിച്ചിരുന്നു. പദ്ധതിയുടെ ഇനം 1, 2 ആയി നിലവിലുള്ള മേൽക്കൂര പൊളിച്ച് നീക്കിയിരുന്നു. മേൽ പ്രവൃത്തികൾക്കായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശാനുസരണം തയ്യാറാക്കിയ സർവ്വെ റിപ്പോർട്ട് പ്രകാരം ഡിസ്മാന്റിൽ ചെയ്ത ഇനങ്ങൾക്കായി താഴെ പറയും പ്രകാരം 3486/- രൂപയുടെ മൂല്യം നിർണ്ണയിച്ചിരുന്നു.

| | | |
|---|---|---|
| Dismantling And Removing MP Tiles Over Roof | 511 @6/No | 3066 |
| Dismantling And Removing Wrought And Framed Timbers In Roof | 0.35m3@1200/M3 | 420 |
| ആകെ | | 3486 |

ലേല നടപടികൾ സ്വീകരിച്ചതിന്റേയും തുക ഈടാക്കിയതിന്റേയും രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/19-20) സർവ്വെ റിപ്പോർട്ടിൽ കാണിച്ചിട്ടുള്ള ഓട് ആരും എടുക്കാൻ തയ്യാറായില്ലായെന്നും ഫയർവുഡിന്റെ വിലയായ 420/- രൂപ രസീത് നമ്പർ.9881704/27.07.2021 പ്രകാരം ഒടുക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ലേല നടപടികൾ സ്വീകരിച്ചതായി റിപ്പോർട്ട് നൽകിയില്ല. യഥാസമയം ലേല നടപടികൾ സ്വീകരിക്കാതിരുന്നത് കാരണമാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. ഓഡിറ്റ് അന്വേഷണം നൽകിയപ്പോൾ മാത്രമാണ് ഫയർവുഡിന്റെ തുക ഒടുക്കിയത്. ലേല നടപടികൾ സ്വീകരിക്കുന്നതിനായി 01.02.20ൽ അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നു. എന്നാൽ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ആയതിനാൽ യഥാസമയം ലേലനടപടികൾ സ്വീകരിക്കാതിരുന്നത് കാരണം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 3066/-(3486-420) രൂപ യഥാസമയം നടപടികൾ സ്വീകരിക്കാതിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

1-17 ഹരിത കേരളം-മെറ്റീരിയൽ കളക്ഷൻ സെന്റർ നവീകരണം-പിഴ ഈടാക്കിയതിൽ കുറവ്.

| | |
|---|---|
| എസ്റ്റിമേറ്റ് | 900000 |
| കരാർ നം | 28/AE/LSGD/18-19/14.02.18 |
| എഗ്രീഡ്. പി.എ).സി | 776970.48 |
| കരാറുകാരന്റെ പേര് | ശ്രീകുമാർ.ഡി |
| തുക | 643260/-, ചെക്ക് നം.93049/27.03.18 |
| | 116307/-, ചെക്ക് നം.93060/29.6.19 |

മെറ്റീരിയൽ കളക്ഷൻ സെന്റർ നവീകരണം എന്ന പ്രവൃത്തിയ്കായി ശ്രീകുമാർ എന്ന കരാറുകാരന്റെ സിംഗിൾ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. പൂർത്തീകരണ കാലയളവ് 60 ദിവസമായിരുന്നു. പാർട്ട് ബിൽ 24.03.18 ൽ തന്നെ മാറിയിരുന്നുവെങ്കിലും പിന്നീട് പ്രവൃത്തി ആരംഭിച്ചത് തന്നെ 9.4.2019 ലാണ്. അവസാന അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 16.4.19 ലും. പ്രവൃത്തി പൂർത്തീകരിക്കാനാവശ്യപ്പെട്ട് 31.01.2019 ൽ കരാറുകാരന് കത്തയച്ചിട്ടുണ്ട്. എന്നാൽ കരാറുകാരൻ മറുപടിയൊന്നും നൽകിയിട്ടില്ല. കരാറുകാരനിൽ നിന്നും അപേക്ഷ ലഭിക്കുകയോ അതിന്റെ അടിസ്ഥാനത്തിൽ സപ്ലിമെന്ററി കരാർ ചമച്ച് കരാർ കാലയളവ് ദീർഘിപ്പിക്കുവാൻ യാതൊരു നടപടിയും സ്വീകരിക്കാതെയാണ്

അവസാന തുക അനുവദിച്ചിട്ടുള്ളത്. അവസാന തുക അനുവദിച്ചതിന് മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയിട്ടില്ല. 116307 രൂപ അനുവദിച്ചതിന്റെ വിവരങ്ങളൊന്നും തന്നെ ബിൽ പകർപ്പിലും രേഖപ്പെടുത്തിയിട്ടില്ല. ഫയലിലെ റഫ് വർക്ക് പ്രകാരം IT-1163, KCWWF-1163, Fine-6978, ആകെ 9304 രൂപ കുറവ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി ഇത്രയും വൈകിയ സാഹചര്യത്തിൽ പി.എ്.സി യുടെ 3% പിഴ ഈടാക്കിക്കൊണ്ട് കരാർകാലയളവ് ദീർഘിപ്പിക്കാമായിരുന്നു. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് PWD മാനുവൽ സെക്ഷൻ 2116.1പ്രകാരം അധികമായി എടുക്കുന്ന ഓരോ ആഴ്ചക്കും PACയുടെ 0.1% നിരക്കിൽ (പരമാവധി 10%) തുക ലിക്വിഡേറ്റഡ് ഡാമേജും (കോമ്പൻസേഷൻ) ഈടാക്കേണ്ടതാണ്. ഈടാക്കേണ്ടിയിരുന്ന പിഴ PAC യുടെ 3% ആയ 23309 (776970.48x3%)രൂപയായിരുന്നു എന്നിരിക്കെ ഈടാക്കിയത് 6978 രൂപാ മാത്രവും. മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/19-20) ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ടെന്നാണ് നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയത്. പിഴ 23309 രൂപ കരാറുകാരനിൽ നിന്നും ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ശ്രവണസഹായി - ഡോക്ടർ നിർദ്ദേശിക്കാത്ത കുട്ടിയ്ക്ക് നൽകി

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ശ്രവണസഹായി പ്രോജക്ടിലുൾപ്പെടുത്തി (പ്രോജക്ട് നമ്പർ - S0109/20, ബിൽ നമ്പർ - 5/14.8.19- 48000/- വികസനഫണ്ട് -സാധാരണവിഹിതം) ശ്രവണസഹായികൾ കെൽട്രോണിൽ നിന്ന് വാങ്ങിയിരുന്നു. പ്രോജക്ടിന്റെ ഭാഗമായുള്ള മെഡിക്കൽ ക്യാമ്പിൽ 4 കുട്ടികളാണ് പങ്കെടുത്തത്. ഇതിൽ അമൽ രാജ്, പുത്തൻകണ്ടത്തിൽ, മഹാദേവികാട് എന്ന ഗുണഭോക്താവിന് ശ്രവണസഹായി ഉള്ളതിനാലും കോക്ലിയർ ഇംപ്ലാന്റേഷന്റെ സാധ്യതകൾ പരിശോധിയ്ക്കാനും ഡോക്ടർ ആവശ്യപ്പെട്ടിട്ടുള്ളതിനാൽ ശ്രവണസഹായി നിർദ്ദേശിച്ചിരുന്നില്ല. എന്നാൽ ടി ഗുണഭോക്താവിനായും B/L പ്രഫൌണ്ട് ഹിയറിങ് എയ്ഡ് വാങ്ങി നൽകിയിട്ടുണ്ട്. ഡോക്ടറുടെ നിർദ്ദേശം ഇല്ലാതെ ഉപകരണം വാങ്ങി നൽകിയത് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/27.6.21) അമൽരാജ് ഉപയോഗിച്ചിരുന്ന ശ്രവണസഹായി നിലവിൽ പ്രവർത്തനരഹിതമാണെന്നും പുതിയ ശ്രവണസഹായി സ്വന്തം നിലയ്ക്ക് വാങ്ങാനുള്ള സാമ്പത്തികശേഷിയില്ലന്നും ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകിയ ശ്രവണസഹായിയാണ് ഉപയോഗിച്ച് വരുന്നതെന്നുമാണ് അറിയിച്ചിട്ടുള്ളത്. മറുപടി അംഗീകരിക്കുന്നുവെങ്കിലും പ്രോജക്ട് നടപ്പാക്കുന്നതിൽ അപാകതകൾ ഉണ്ടാകാതിരിക്കാൻ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-19 എസ്.എസ്.കെ- വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

2019-20 വർഷം ബിൽ നം.3/17.08.19 പ്രകാരം 275858/- രൂപ എസ്.എസ്.കെ യ്ക്ക് നൽകിയിട്ടുണ്ട്. എസ്.എസ്.കെ, ആലപ്പുഴയുടെ വാർഷിക വർക്ക് പ്ലാനിന്റെ അടിസ്ഥാനത്തിലാണ് തുക പിൻവലിച്ച് നൽകിയിരിക്കുന്നത്. വിനിയോഗ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് രേഖകൾ ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്കൂളുകൾക്കായി തുക ചെലവഴിച്ചതിന്റെ വ്യക്തമായ വിനിയോഗ രേഖകൾ ഹാജരാക്കേണ്ടതാണ്. വിനിയോഗ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 275858/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-20 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി.റ്റി.ഡി.എസ് കുറവ് ചെയ്തില്ല

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനുമേൽ

കൂടുതലാണെങ്കിൽ ജി.എസ്.ടി.റ്റി.ഡി.എസ് 2% ഉത്ഭവത്തിൽ നിന്നും കുറവ് ചെയ്യണമെന്നിരിക്കെ 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളിൽ ഇപ്രകാരം ഈടാക്കിയതായി കാണുന്നില്ല. 30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൌകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടച്ചെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അപ്രകാരം അടവാക്കുന്ന ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ നിർദ്ദേശപ്രകാരം ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 9/28.7.21 നൽകിയതിന് മെറ്റീരിയൽ പ്രവർത്തികളുടെ EMD&SD തുകയിൽ നിന്നും ജി.എസ്.റ്റി തുക ഈടാക്കാനുള്ള നടപടി സ്വീകരിയ്ക്കുമെന്നാണ് മറുപടി നൽകിയത്. സർക്കാരിന് നികുതി ഇനത്തിൽ ഒടുക്കേണ്ടിയിരുന്ന 9014/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നം. | പ്രവർത്തിയുടെ പേര് | കരാറുകാരൻ | എം.ബുക്ക് നമ്പർ | എഫ്.റ്റി.ഒ. നമ്പർ | പ്രവർത്തി മൂല്യം | സാധനങ്ങളുടെ വിലയിനത്തിൽ കരാറുകാരന് നൽകിയ തുക | റ്റി. ഡി. എസ് ആയി ഈടാക്കേണ്ടിയിരുന്ന ജി.എസ്. റ്റി (2%) |
|---|---|---|---|---|---|---|---|
| 1. | തോട്ടുകടവിൽ മുതൽ സായിപ്പിൻച്ചിറ റോഡ് കോൺക്രീറ്റിംഗ് വാർഡ് നം - 12 | വിനോദ്, ആലംപള്ളിൽ ഹൌസ്, പിലാപ്പുഴ | 343/Kply/19-20 | KL1611006003 061120 FTO 431647 | 285921 | 241221 | 4824 |
| 2. | വലിയ വീട് മുതൽ കണ്ടെത്തിൽ പുരയ്ക്കൽ റോഡ് കോൺക്രീറ്റിംഗ് വാർഡ് നം - 12 | വിനോദ്, ആലംപള്ളിൽ ഹൌസ്, പിലാപ്പുഴ | 367/Kply/19-20 | KL1611006003 241120 FTO 479860 | 251272 | 209497 | 4190 |
| | ആകെ | | | | | | 9014/- |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 അങ്കണവാടി നമ്പർ 31, നവീകരണം(S0036/20)- ഡിസ്മാന്റിൽ ചെയ്ത സാധനങ്ങളുടെ ലേല നടപടികൾ സ്വീകരിച്ചില്ല

അങ്കണവാടി നവീകരണം എന്ന പദ്ധതിയ്ക്കായി ബിൽ നം.16/18.01.20 പ്രകാരം 260575/- രൂപ (റോഡിതര മെയിന്റനൻസ് ഗ്രാന്റ്) ചെലവഴിച്ചിരുന്നു. പദ്ധതിയുടെ ഇനം 1, 2 ആയി നിലവിലുള്ള മേൽക്കൂര പൊളിച്ച്

നീക്കിയിരുന്നു. മേൽ പ്രവൃത്തികൾക്കായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശാനുസരണം തയ്യാറാക്കിയ സർവ്വെ റിപ്പോർട്ട് പ്രകാരം ഡിസ്മാന്റിൽ ചെയ്ത ഇനങ്ങൾക്കായി താഴെ പറയും പ്രകാരം 3486/- രൂപയുടെ മൂല്യം നിർണ്ണയിച്ചിരുന്നു.

| | | |
|---|---|---|
| Dismantling And Removing MP Tiles Over Roof | 511 @6/No | 3066 |
| Dismantling And Removing Wrought And Framed Timbers In Roof | 0.35m3@1200/M3 | 420 |
| ആകെ | | 3486 |

ലേല നടപടികൾ സ്വീകരിച്ചതിന്റേയും തുക ഈടാക്കിയതിന്റേയും രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/19-20) സർവ്വെ റിപ്പോർട്ടിൽ കാണിച്ചിട്ടുള്ള ഓട് ആരും എടുക്കാൻ തയ്യാറായില്ലായെന്നും ഫയർവുഡിന്റെ വിലയായ 420/- രൂപ രസീത് നമ്പർ.9881704/27.07.2021 പ്രകാരം ഒടുക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ലേല നടപടികൾ സ്വീകരിച്ചതായി റിപ്പോർട്ട് നൽകിയില്ല. യഥാസമയം ലേല നടപടികൾ സ്വീകരിക്കാതിരുന്നത് കാരണമാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. ഓഡിറ്റ് അന്വേഷണം നൽകിയപ്പോൾ മാത്രമാണ് ഫയർവുഡിന്റെ തുക ഒടുക്കിയത്. ലേല നടപടികൾ സ്വീകരിക്കുന്നതിനായി 01.02.20 ൽ അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നു. എന്നാൽ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ആയതിനാൽ യഥാസമയം ലേലനടപടികൾ സ്വീകരിക്കാതിരുന്നത് കാരണം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 3066/- (3486-420) രൂപ യഥാസമയം നടപടികൾ സ്വീകരിക്കാതിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 250000 | പാലിയേറ്റീവ് കെയർ | 250000 | 0 |
| | | 95000 | ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 95000 | 0 |
| | | 115121 | ലൈഫ് മിഷൻ (ജനറൽ) | 115121 | |
| ജില്ലാ പഞ്ചായത്ത് | 2019-20 | 76000 | ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 76000 | 0 |
| | | 100000 | അങ്കണവാടി പോഷകാഹാരം | 100000 | 0 |
| | | 1213051 | ലൈഫ് മിഷൻ (ജനറൽ) | 1213051 | 0 |
| | | 273118 | ലൈഫ് മിഷൻ (എസ്.സി.പി) | 273118 | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| Kwa | Pipeline Extension | 21800559 | 147000 | 147000 | - |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ലൈഫ് പദ്ധതിയുടെ ഹഡ്കോ വായ്പ ഇനത്തിൽ തൻവർഷം 1940000/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി | - | 9736330 | 742405 | 742405 | 13088773 | - |
| ഹഡ്കോ വായ്പ-ലൈഫ് പദ്ധതി | - | 24256097 | 22316097 | 1691177 | | 20624920 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 60925657 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 49510880 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3066 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 275858 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 3066 | 1.സിന്ധു ബാലകൃഷ്ണൻ, സെക്രട്ടറി<br>2.ബേബി.ബി, അസി.എഞ്ചിനീയർ |
| ആകെ | | 3066 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 275858 | നസീന.എ, ഹെഡ്മിസ്ട്രസ്സ്, ഗവ.യു.പി.എസ് തോട്ടുകടവ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-20 (ജി.എസ്.ടി) | 9014 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഇല്ല | |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സിന്ധു ബാലകൃഷ്ണൻ | സെക്രട്ടറി, തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് | കൊച്ചാലുംമൂട്,ചിങ്ങോലി |
| ബേബി.ബി | അസി.എഞ്ചിനീയർ എൽ.എസ്.ജി.ഡി,കാർത്തികപ്പള്ളി | ഷാരോൺ വില്ല, കാർത്തികപ്പള്ളി |
| നസീന.എ | ഹെഡ്മിസ്ട്രസ്സ് ഗവ.യു.പി.എസ് തോട്ടുകടവ്, മഹാദേവികാട് | വലിയപറമ്പിൽ, ആറാട്ടുപുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടുകളുടെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ജി.എ5/1832/2011/25.01.2012 |
| 2002-03 | എൽ.എഫ്.ജി.എ5/1832/2011/25.01.2012 |
| 2006-07 | എൽ.എഫ്.എ.പി.3/53/11/13.07.2012 |
| 2007-08 | എൽ.എഫ്.എ.പി.3/53(1)/11/18.04.2012 |
| 2008-09 | എൽ.എഫ്.എ.പി.3/1209/11/18.04.2012 |
| 2009-10 | എൽ.എഫ്.എ.പി.3/1210/11/18.04.2012 |
| 2010-11, 2011-12 | എൽ.എഫ്.എ.പി.3/9/13/15.02.2013 |
| 2012-13 | എൽ.എഫ്.എ.പി.3/1001/14/08.12.2014 |
| 2013-14 | കെ.എസ്.എ.എ.പി.ഇസഡ്-പി3/1035/15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.3/1417/15/23.11.15 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.3/1251/16/08.11.16 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.3/1036/17/04.08.17 |
| 2017-18 | കെ.എസ്.എ.എ.എൽ.പി.3/94/2019/10.01.2019 |
| | |

| | |
|---|---|
| 2018-19 | കെ.എസ്.എ.എ.എൽ.പി.3/407/2020/28.05.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

.

.

.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്